**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനും വേണ്ടി ഈ സർക്കാർ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കിഫ്ബി ധനസഹായത്തോടെ ആലപ്പുഴ ജില്ലയിൽ ചെത്തി, മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി എന്നിവിടങ്ങളിൽ മത്സ്യബന്ധന ഹാർബർ നിർമ്മിക്കുന്നതിനായി 2019 ൽ കിഫ്ബിയുടെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിച്ചു. പദ്ധതി പുരോഗമിച്ചു വരുന്നു. പ്രസ്തുത പദ്ധതികളുടെ പുരോഗതി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും കിഫ്ബി തലത്തിലും വിലയിരുത്തി വരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനും വേണ്ടി ഈ സർക്കാർ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**<u>1. കിഫ്ബി</u>**<br><br>മുതലപ്പൊഴി ഫിഷിംഗ് ഹാർബർ പരിസരത്തെ തീരസംരക്ഷണ പ്രവൃത്തിയ്ക്കായി 26.51 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>**<u>2. നബാർഡ്</u>**<br><br>ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 250.31 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXVI, NABARD RIDF XXVII, NABARD-RIDF XXVIII, NABARD-RIDF XXIX, NABARD-RIDF XXX ട്രാഞ്ചെകളിലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**2 (A)** നബാർഡ് XXVI (57.44 കോടി)

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം - (514.00 ലക്ഷം) - പൂർത്തീകരണഘട്ടത്തിലാണ്.

2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം)—പൂർത്തീകരിച്ചു.

3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം)—പുരോഗമിക്കുന്നു.

4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം)- പൂർത്തീകരിച്ചു.

**2(B)** നബാർഡ് XXVII (55.54 കോടി)

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) – പൂർത്തീകരിച്ചു.

2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം)- പുരോഗമിക്കുന്നു.

3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം)- പൂർത്തീകരണഘട്ടത്തിലാണ്.

4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം - (1668 ലക്ഷം) പുരോഗമിക്കുന്നു.

**2(C)** NABARD XXVIII (50.94 കോടി രൂപ)

1. കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം (2557.55 ലക്ഷം രൂപ) – പുരോഗമിക്കുന്നു.

2. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണം -(2536.85 ലക്ഷം രൂപ)- പുരോഗമിക്കുന്നു.

**2(D)** NABARDXXIX (28.09 കോടി രൂപ)

1. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ റിപ്ലെനിഷ്മെന്റ് പ്രവൃത്തി-

(1694.14 ലക്ഷം) – പുരോഗമിയ്ക്കുന്നു.

2. കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽപേട്ട ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനം - (1115 ലക്ഷം) – പുരോഗമിക്കുന്നു.

**2(E)** NABARD XXX (58.30 കോടി രൂപ)

1. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (3030 ലക്ഷം രൂപ.) പുരോഗമിയ്ക്കുന്നു.

2. കൊല്ലം ജില്ലയിലെ തങ്കശ്ശേരി ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി (2800 ലക്ഷം രൂപ.) – പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**3. PMMSY**

ഫിഷിംഗ് ഹാർബറുകളുടെ വിപുലീകരണത്തിനായി 10 പ്രവൃത്തികൾക്ക് 29/03/2023-ൽ 161.11 കോടി രൂപയും 22/11/2024-ൽ ഒരു പ്രവൃത്തിയ്ക്ക് 177.00 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം. (70.53 കോടി രൂപ)- – പൂർത്തീകരണഘട്ടത്തിലാണ്.

2. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം – (18.73 കോടി രൂപ) - പൂർത്തീകരണഘട്ടത്തിലാണ്.

3. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം – (16.06 കോടി രൂപ) -– പൂർത്തീകരണഘട്ടത്തിലാണ്.

4. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണം (20.90 കോടി രൂപ) പൂർത്തീകരണഘട്ടത്തിലാണ്.

5. ആലപ്പുഴ ജില്ലയിലെ കായംകുളം ഫിഷിംഗ് ഹാർബറിലെ ഡ്രെഡ്ജിംഗ് പ്രവൃത്തി.- (5.53 കോടി രൂപ) – സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്.

6. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.53 കോടി രൂപ) – പ്രവൃത്തി പുരോഗമിയ്ക്കുന്നു.

7. മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (6.37കോടി രൂപ) – പൂർത്തീകരണ ഘട്ടത്തിലാണ്.

8. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.94 കോടി രൂപ) – പ്രവൃത്തി പുരോഗമിക്കുന്നു.

9. കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.64 കോടി രൂപ) - പ്രവൃത്തി പൂർത്തീകരിച്ചു.

10. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തി – (5.88 കോടി രൂപ) – പൂർത്തീകരിച്ചു.

11. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനായി (177 കോടി ) – പ്രവൃത്തി വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**4. FIDF**

ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ ഫിഷിംഗ് ഹാർബറിലെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് 150.73 കോടി രൂപയുടെ ഭരണാനുമതി 29/03/2023-ൽ നൽകി. പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**5. സ്റ്റേറ്റ് പ്ലാൻ സ്കീം**

1. മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിലെ പുലിമുട്ടിന്റെ കേടുപാടുകൾ ടെട്രാപോഡുകൾ ഉപയോഗിച്ച് പരിഹരിക്കുന്നതിനുള്ള പ്രവൃത്തിക്ക് 5.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരിച്ചു.

2. കണ്ണൂർ ജില്ലയിലെ മാപ്പിളബേ ഫിഷിംഗ് ഹാർബറിൽ 178.90 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ചു.

3. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിലെ പഴയ വാർഫിന്റെ മെയിന്റനൻസ് പ്രവൃത്തി 58.00 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

4. മലപ്പുറം ജില്ലയിലെ താനൂർ ലാന്റ് ഡെവലപ്മെന്റ് പ്രവൃത്തിയുടെ മൂന്നാം ഘട്ടം 133.00 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

5. കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബർ അപ്രോച്ച് റോഡിന്റെ

അറ്റകുറ്റപ്പണികൾക്കായി 56.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു.

6. തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി ഷോർ സ്റ്റബിലൈസേഷനായുള്ള പ്രാഥമിക പ്രവൃത്തികൾക്കായി 12/08/2024-ൽ 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ഒന്നാംഘട്ട പ്രവൃത്തി പുരോഗമിക്കുന്നു.

7. ക്യാപ്പിറ്റൽ റിപ്പയേഴ്സ് & മെയിന്റനൻസ് ഡ്രെഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ ശീർഷകത്തിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ മെയിന്റനൻസ് ഡ്രഡ്ജിംഗിനായി 22/08/2025-ൽ 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. ക്യാപ്പിറ്റൽ റിപ്പയേഴ്സ് & മെയിന്റനൻസ് ഡ്രെഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ ശീർഷകത്തിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ നവീകരണത്തിനായി 22/08/2025-ൽ 100.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

9. എക്സ്പാൻഷൻ & മേജർ അഡീഷൻ റ്റു കോസ്റ്റൽ ഇൻഫ്രാസ്ട്രക്ചർ ശീർഷകത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് ഫ്ലോട്ടിംഗ് ലാന്റിംഗ് ജെട്ടി നിർമ്മിക്കുന്നതിനായി 21/08/2025-ൽ 160.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

10. മലപ്പുറം ജില്ലയിലെ താനൂർ ഫിഷിംഗ് ഹാർബറിൽ 100 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തി പുരോഗമിക്കുന്നു.

**6. സാഗർമാല പദ്ധതി**

മത്സ്യബന്ധന തുറമുഖങ്ങളുടെ അധിക ബെർത്തിംഗിനും കരഭാഗത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾക്കായി 115.20 കോടി രൂപയുടെ ഇൻ പ്രിൻസിപ്പൽ സാംഗ്ഷൻ 28/12/2023, 12/03/2024, 15/03/2024 തീയതികളിലായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പൊന്നാനി ഫിഷിംഗ് ഹാർബറിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിയ്ക്കുന്നതിന് സ്ഥലത്തിന്റെ

| | | | |
|---|---|---|---|
| | | | അപര്യാപ്തത ഉള്ളതിനാൽ ടി പദ്ധതി ഒഴിവാക്കി പകരം മഞ്ചേശ്വരത്ത് ഫ്ലോട്ടിംഗ് ജെട്ടി നിർമ്മിക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ചെല്ലാനം ഫിഷിംഗ് ഹാർബർ (12.63 കോടി) – പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ടി പദ്ധതിയുടെ ദർഘാസ് നടപടികൾ സ്വീകരിച്ച് ഇൻ പ്രിൻസിപ്പൽ സാംഗ്ഷൻ പ്രകാരം ഒറിജിനൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.<br><br>2. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ (13.27 കോടി)<br><br>3. ചേറ്റുവ ഫിഷിംഗ് ഹാർബർ (8.83 കോടി)<br><br>4. മുനയ്ക്കകടവ് ഫിഷിംഗ് ഹാർബർ (11.67 കോടി)<br><br>5. വെള്ളയിൽ ഫിഷിംഗ് ഹാർബർ (29.96 കോടി)<br><br>6. താനൂർ ഫിഷിംഗ് ഹാർബർ (19.39 കോടി)<br><br>ചെല്ലാനം ഫിഷിംഗ് ഹാർബറിന് പൂർണ്ണമായ ഭരണാനുമതി നൽകുന്ന മുറയ്ക്ക് ബാക്കിയുള്ള നാല് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും പതിവായി വിലയിരുത്തി വരുന്നു. കൂടാതെ കേന്ദ്ര ധനസഹായ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ കേന്ദ്ര സർക്കാർ തലത്തിലും നടത്തുന്നുണ്ട്.<br><br>ഫ്ലാറ്റ് നിർമ്മാണം, അതീവ ശോചനീയവസ്ഥയിലുള്ള ഉന്നതി വീടുകളുടെ പുനഃനിർമ്മാണം, ഭവനങ്ങളുടെ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കൽ, ആരോഗ്യ അടിസ്ഥാന സൗകര്യ വികസനം, അംഗൻവാടികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം, നൂതന മത്സ്യമാർക്കറ്റ് നിർമ്മാണം, മത്സ്യഗ്രാമങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കിവരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ |

കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ / സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും G.O (P) No. 130/2021/TAXES തീയ്യതി 20.12.2021 & G.O (P) No. 131/2021/TAXES തീയ്യതി 20.12.2021 (S.R.O നം. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതി പ്രകാരം അനുവദിച്ച് സ.ഉ. (കൈ) നം. 1/2024/F&P നമ്പർ തീയ്യതി 05.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം 9108 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4442 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3892 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2584 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.. 1308 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. മാറി താമസിക്കാൻ

| | | | |
|---|---|---|---|
| | | | സന്നദ്ധരായവരിൽ അനുയോജ്യമായ ഭൂമി കണ്ടെത്താൻ കഴിയാത്തവർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ജില്ലാ തല സമിതി കൂടി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 788 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് രണ്ടാം ഘട്ടം (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്ന നടപടികൾ ജില്ലാ കളക്ടർ / ലാന്റ് & റവന്യൂ കമ്മീഷണർ / ബന്ധപ്പെട്ട വകുപ്പുകൾ എന്നിവിടങ്ങളിലുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (സി) | തീരദേശ മേഖലയിൽ മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | തീരദേശ മേഖലയിൽ മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളുടെ വികസനത്തിനായി വിവിധ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകുകയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി നടപ്പിലാക്കിയ വിദ്യാതീരം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | മത്സ്യമേഖലയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസാനുകൂല്യ പദ്ധതികളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് താമസിച്ചു പഠിക്കുവാൻ കഴിയുന്ന തരത്തിൽ സ്കൂളുകളും ആ സ്കൂളുകളിൽ മത്സ്യബന്ധനം ഒരു പഠന വിഷയമായി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി തീരദേശത്തു നിന്നും പ്രൊഫഷണലുകളെ വാർത്തെടുക്കുക പ്രത്യേകിച്ച് 'ഡോക്ടർമാരെ' സൃഷ്ടിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനാണ് വിദ്യാതീരം പദ്ധതി ആരംഭിച്ചത്. പദ്ധതിയിലൂടെ 12-ാം തരം മികച്ച മാർക്കോടെ ജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളെ തെരഞ്ഞെടുത്ത് കേരളത്തിലെ മികച്ച മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് സെന്ററുകളിൽ താമസിപ്പിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുന്നതാണ് പദ്ധതി. നിലവിൽ 130 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന തരത്തിൽ ആണ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. മെഡിക്കൽ പ്രവേശനത്തിന് 1.25 ലക്ഷം രൂപയും, NIT/IIT പ്രവേശനത്തിന് 70,000/- രൂപയുമാണ് |

അനുവദിച്ചു വരുന്നത്. പ്രസ്തുത പദ്ധതിയിൽ പ്രീ-മെട്രിക് – പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, മെഡിക്കൽ / ഐ.ഐ.ടി / എൻ ഐ ടി എൻട്രൻസ് പരിശീലനം, സിവിൽ സർവീസ് പരിശീലനം, കരിയർ ഗൈഡൻസ് പ്രോഗ്രാം, ദത്തെടുക്കൽ പദ്ധതി, ഫിഷറീസ് സ്കൂളുകളിൽ കായിക വികസന പദ്ധതി, GRFTHS ലെ കുട്ടികൾക്ക് കൌൺസിലിംഗ് സപ്പോർട്ട്, 10 GRFTHS ന്റെ പ്രതി ദിന നടത്തിപ്പ് ചെലവു എന്നിവ ഉൾപ്പെടുന്നു.

നടപ്പ് സാമ്പത്തിക വർഷം 16 കോടി രൂപയാണ് വിദ്യാതീരം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. വിദ്യാതീരം പദ്ധതിയുടെ പ്രധാന ഉപഘടകമായ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം വഴി നാളിതുവരെ 97 വിദ്യാർത്ഥികൾക്ക് MBBS പ്രവേശനം ലഭിച്ചു. BDS/BAMS/BHMS/BVSC തുടങ്ങിയ കോഴ്സുകളിലേക്ക് 72 വിദ്യാർത്ഥികൾക്കും, 264വിദ്യാർത്ഥികൾക്ക് മറ്റു അനുബന്ധ കോഴ്സുകൾക്കും പ്രവേശനം ലഭിച്ചു. ഈ വർഷം NEET പരീക്ഷാ ഫലം അനുസരിച്ച് 26 വിദ്യാർത്ഥികൾക്ക് മെഡിക്കൽ, അനുബന്ധ കോഴ്സുകൾക്ക് സീറ്റ് ഉറപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു.

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്നതിനും, അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും ഒരാൾക്ക് പരമാവധി 1,00,000/- രൂപ അനുവദിച്ചു നൽകുന്നു. 2022-23 വർഷം മുതൽ നാളിതുവരെ 45 വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കൂടാതെ ഒരു കുട്ടിക്ക് 80,000 രൂപ വീതം അനുവദിച്ചുകൊണ്ട് സിവിൽ സർവീസ് അക്കാദമി വഴി പ്രതിവർഷം 12 വിദ്യർത്ഥികൾക്ക് സിവിൽ സർവീസ് കോച്ചിംഗ് നൽകി വരുന്നു.

തീരദേശ സ്കൂളുകളിലെ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന് ശേഷമുള്ള ജോലി സാധ്യതകളെക്കുറിച്ച് അറിവ് നൽകുന്നതിനായി കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ നടപ്പിലാക്കുന്നു. ഇത്തരത്തിൽ എല്ലാ വർഷവും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിലുള്ള ആയിരത്തോളം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം ആനുകൂല്യം അനുവദിച്ചതിന്റെ വിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെയും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾ പഠിക്കുന്ന മറ്റ് 4 തീരദേശ സ്കൂളുകളെയും ഉൾപ്പെടുത്തി 14 സ്കൂളുകളുടെ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി 42.95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി പദ്ധതി നടപ്പിലാക്കിയിരുന്നു. ആയതിൻ പ്രകാരം കായിക പരിശീലന ഉപകരണങ്ങൾ വാങ്ങി നൽകൽ, സ്പോർട്സ് കിറ്റ് ഉപകരണങ്ങൾ വാങ്ങി നൽകൽ, കായിക പരിശീലനം എന്നിവ നടപ്പിലാക്കിയിരുന്നു. 420 കുട്ടികളും 14 പരിശീലകരും ഭാഗമായ ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ചിരുന്നു. കായിക മികവുകൾ പ്രകടമാക്കുന്ന കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി (catch them young) ഫിസിക്കൽ ഫിറ്റ്നസ്, മാനസികാരോഗ്യം എന്നിവ പടിപടിയായി ഉയർത്തി മത്സരശേഷി കൈവരിക്കുന്ന ബാലകൗമാര യുവതാരങ്ങളായി ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

## ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം.

| | | | |
|---|---|---|---|
| **2018-19 സാമ്പത്തിക വർഷം** | | | |
| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
| 1 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ് വലിയതുറ, തിരുവനന്തപുരം മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ | 476.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 2 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്, താനൂർ, മലപ്പുറം മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ | 1002.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ് ബേപ്പൂർ, കോഴിക്കോട്, മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ | 435.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ് അഴീക്കൽ, കണ്ണൂർ, മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കൽ | 558.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.ആർ.എഫ്.ടി.എച്ച്.എസ്. കരുനാഗപ്പള്ളി, കൊല്ലം പുനരുദ്ധാരണം | 44.00 | പദ്ധതി പൂർത്തീകരിച്ചു |
| **2019-20 സാമ്പത്തികവർഷം** | | | |
| 6 | ജി.ആർ.എഫ്.ടി എച്ച്.എസ്.എസ്, അർത്തുങ്കൽ, ആലപ്പുഴ പുനരുദ്ധാരണ പ്രവർത്തികൾ | 3.30 | പദ്ധതി പൂർത്തീകരിച്ചു |
| 7 | ജി.ആർ.എഫ്.ടിഎച്ച്.എസ്.ചാവക്കാട്, തൃശ്ശൂർ, പുനരുദ്ധാരണ പ്രവർത്തികൾ | 3.45 | പദ്ധതി പൂർത്തീകരിച്ചു |
| **2021-22 സാമ്പത്തികവർഷം** | | | |
| 8 | ജി.ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട്, കാസർഗോഡ് ഹോസ്റ്റൽ റീവയറിംഗ് | 4.38 | പദ്ധതി പൂർത്തീകരിച്ചു |
| **2022-23 സാമ്പത്തികവർഷം** | | | |
| 9 | ജി.ആർ.എഫ്.ടി എച്ച്.എസ്. താനൂർ, മലപ്പുറം സ്റ്റെയർകേസ് നിർമ്മാണം | 8.23 | പദ്ധതി പൂർത്തീകരിച്ചു |
| **2025-26 സാമ്പത്തികവർഷം** | | | |

| | | | |
|---|---|---|---|
| 10 | ജി.ആർ.എഫ്.ടി എച്ച്.എസ്.കരുനാഗപ്പള്ളി, ഹോസ്റ്റൽ പുനരുദ്ധാരണം | 75.00 | പദ്ധതി പുരോഗമിക്കുന്നു. |
| 11 | ജി.ആർ.എഫ്.ടി എച്ച്.എസ്. കാഞ്ഞങ്ങാട് ഹോസ്റ്റൽ പുനരുദ്ധാരണം | 56.20 | ദർഘാസ് നടപടി പൂർത്തീകരിച്ചു വരുന്നു. |

## അനുബന്ധം – 2

**മുൻ വർഷങ്ങളിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം**

| year | No.of students undergone Coaching. | MBBS | B.Tech/BDS/BAMS/ BHMS/BVSC | Other courses | TOTAL |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | | 15 |
| 2016-17 | 33 | 7 | 2 | 14 | 23 |
| 2017-18 | 50 | 6 | 8 | 8 | 22 |
| 2018-19 | 56 | 10 | 4 | 11 | 25 |
| 2019-20 | 84 | 15 | 14 | 11 | 40 |
| 2020-21 | 61 | 11 | 8 | 8 | 27 |
| 2021-22 | 90 | 15 | 8 | 3 | 26 |
| 2022-23 | 112 | 9 | 15 | 24 | 48 |
| 2023-24 | 108 | 13 | 9 | 16 | 38 |
| TOTAL | 641 | 97 | 72 | 95 | 264 |

## അനുബന്ധം - 3

## കഴിഞ്ഞ സാമ്പത്തിക വർഷം വിദ്യാർത്ഥികൾക്കായി അനുവദിച്ച ആനുകൂല്യത്തിന്റെ വിവരങ്ങൾ

| ക്രമ നം. | ഘടകം | അനുവദിച്ച തുക |
|---|---|---|
| 1 | ഇ-ഗ്രാന്റ്സ് | 9.28 കോടി രൂപ |
| 2 | എൻട്രൻസ് പരിശീലനം | 1,18,03,600 /- രൂപ |
| 3 | സിവിൽ സർവീസ് പരിശീലനം | 8,36,800/- രൂപ |
| 4 | കരിയർ ഗൈഡൻസ് | 3 ലക്ഷം |
| 5 | ദത്തെടുക്കൽ പദ്ധതി | 12 ലക്ഷം |
| 6 | കായിക വികസനം | 10 ലക്ഷം |
| 7 | ഫിഷറിസ് സ്കൂളുകൾക്കുള്ള operational expense. | 360 ലക്ഷം |